2026
OCTOBER
01
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper



# ഇന്ത്യയിൽ നിന്നുള്ള തിരഞ്ഞെടുത്ത മരുന്നുകൾക്ക് ഇറക്കുമതി തീരുവ ഒഴിവാക്കി അമേരിക്ക

**വാഷിംഗ്ടൺ:** ഇന്ത്യയിൽ നിന്നുള്ള ചില തിരഞ്ഞെടുത്ത മരുന്നുകൾക്കും അനുബന്ധ ഘടകങ്ങൾക്കും ഇറക്കുമതി തീരുവ ഒഴിവാക്കി അമേരിക്ക. പേറ്റൻറ് ഇന്ത്യയ്ക്ക് പുറമെ മറ്റ് 19 പങ്കാളിത്ത രാജ്യങ്ങളിലെ ഈ പ്രത്യേക മരുന്നുകൾക്കും ഇറക്കുമതി തീരുവയിൽ ഇളവ് നൽകിയിട്ടുണ്ട്. ഇന്ത്യയിലെ ചല മരുന്നുകൾക്ക് 100 ശതമാനം തീരുവ ഏർപ്പെടുത്തി ശിക്ഷിക്കാനുള്ള നടപടികളുമായി അമേരിക്ക മുന്നോട്ട് പോകുന്നതിനിടയിലാണ് ഈ വിചിത്രമായ സംഭവം.

**ഏതെല്ലാം മരുന്നുകൾക്കാണ് തീരുവയില്ലാത്ത ആനുകൂല്യം ലഭിക്കുന്നത്?**

അപൂർവ രോഗങ്ങൾ, വന്ധ്യതയുമായി ബന്ധപ്പെട്ട ശാരീരികപ്രശ്നങ്ങൾക്കുള്ള മരുന്നുകൾ, നൂതനമായ സെൽജീൻ തെറാപ്പികൾ, ആന്റിബോഡിഡ്രഗ് കോൺജുഗേറ്റുകൾ , മൃഗങ്ങൾക്കുള്ള മരുന്നുകൾ എന്നിവയാണ അതീരുവയില്ലാത്ത വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഈ മരുന്നുകളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന ഘടകങ്ങൾക്കും പൂജ്യം ശതമാനം ആയിരിക്കും തീരുവ.

തീരുവയില്ലാത്ത ആനുകൂല്യത്തിന് അർഹമായ രാജ്യങ്ങളുടെ പട്ടിക യുഎസ് വാണിജ്യ വകുപ്പ് ഔദ്യോഗികമായി 'ഫെഡറൽ രജിസ്റ്ററിൽ' പ്രസിദ്ധീകരിച്ചു. ഈ ഇളവ് പ്രത്യേക വിഭാഗം മരുന്നുകൾക്കും അവയുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന പ്രധാന ഘടകങ്ങൾക്കും ബാധകമാണ്. അതേ സമയം ഈ പട്ടികയിലില്ലാത്ത മറ്റ് ഇന്ത്യൻ മരുന്ന് കയറ്റുമതിക്ക് 100 ശതമാനം തീരുവയും ഈടാക്കും.

ഇന്ത്യ ഉൾപ്പെടെ 20 രാജ്യങ്ങൾ ഈ തീരുവ ഇളവ് ആനുകൂല്യത്തിൽ ഉൾപ്പെടുന്നു. അർജന്റീന, ബംഗ്ലാദേശ്, കംബോഡിയ, ഇക്വഡോർ, എൽ സാൽവഡോർ, യൂറോപ്യൻ യൂണിയൻ, ഗ്വാട്ടിമാല, ഇന്തോനേഷ്യ, ജപ്പാൻ, ജോർദാൻ, മലേഷ്യ, നോർത്ത് മാസിഡോണിയ, ദക്ഷിണ കൊറിയ, സ്വിറ്റ്സർലൻഡ്, ലിച്ചെൻസ്റ്റീൻ, തായ്‌വാൻ, തായ്‌ലൻഡ്, ബ്രിട്ടൻ, വിയറ്റ്നാം എന്നിവയാണ് മറ്റ് രാജ്യങ്ങൾ.

അമേരിക്കയുമായുള്ള നിലവിലുള്ളതോ ഭാവിയിലുള്ളതോ ആയ വ്യാപാരസുരക്ഷാ ചട്ടക്കൂട് കരാറിന് കീഴിൽ ഈ രാജ്യങ്ങളിൽ നിന്ന് കയറ്റുമതി ചെയ്യുന്ന യോഗ്യമായ ഉൽപ്പന്നങ്ങളെ ഇതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.



# സാംസങ് ബെസ്പോക്ക് എ.ഐ. ഹോം അപ്ലയൻസസിന്റെ 2026 ശ്രേണി അവതരിപ്പിച്ചു

**കൊച്ചി:** എ.ഐ. അധിഷ്ഠിത സൗകര്യങ്ങളും സ്മാർട്ട് ഹോം കണക്റ്റിവിറ്റിയുമായി സാംസങ് ഇന്ത്യ 2026 ബെസ്പോക്ക് എ.ഐ. ഹോം അപ്ലയൻസസ് ശ്രേണി അവതരിപ്പിച്ചു. സ്മാർട്ട്തിങ്സ് പ്ലാറ്റ്ഫോമിലൂടെ വിവിധ ഗൃഹോപകരണങ്ങളെ ബന്ധിപ്പിച്ച് ദൈനംദിന പ്രവർത്തനങ്ങൾ ലളിതമാക്കുന്നതിനും ഊർജ ഉപയോഗം കാര്യക്ഷമമാക്കുന്നതുമായ ഫീച്ചറുകളോടെയാണ് പുതിയ ശ്രേണി ഉൽപന്നങ്ങൾ എത്തുന്നത്. എ.ഐ. വിഷൻ, ബിക്സ്ബി വോയ്സ് അസിസ്റ്റന്റ്, സാംസങ് നോക്സ് സുരക്ഷ എന്നിവയും പുതിയ ഉപകരണങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പുതിയ ശ്രേണിയിലെ പ്രധാന ഉൽപ്പന്നങ്ങളിൽ ഗൂഗിൾ ജെമിനിയുമായി സംയോജിപ്പിച്ച 32 ഇഞ്ച് ഫാമിലി ഹബ് റഫ്രിജറേറ്റർ, പി.എം 1.0 ലെവൽ വായു ശുദ്ധീകരണം സാധ്യമാക്കുന്ന ബെസ്പോക്ക് എ.ഐ. വിൻഡ്ഫ്രീ പ്രോ എയർ കണ്ടീഷണർ, വിൻഡ്ഫ്രീ സാങ്കേതികവിദ്യയുള്ള ഇൻഫിനിറ്റ് 1വേ കാസറ്റ് എ.സി. എന്നിവ ഉൾപ്പെടുന്നു. ഫാമിലി ഹബ് റഫ്രിജറേറ്ററിലെ എ.ഐ. വിഷൻ ഭക്ഷണസാധനങ്ങൾ തിരിച്ചറിഞ്ഞ് റെസിപ്പികൾ നിർദേശിക്കാനും ഉപയോഗിക്കേണ്ട തീയതികൾ നിയന്ത്രിക്കാനും സഹായിക്കും. പുതിയ കാസറ്റ് എ.സി. 23,000 മൈക്രോ ഹോളുകളിലൂടെ ഡ്രാഫ്റ്റ്ഫ്രീ കൂളിങ് നൽകുകയും എ.ഐ. എനർജി മോഡിലൂടെ വൈദ്യുതി ഉപയോഗം 30 ശതമാനം വരെ കുറയ്ക്കുകയും ചെയ്യും.

സ്മാർട്ട്തിങ്സ് വഴി ഉപകരണങ്ങളുടെ നിയന്ത്രണത്തിനൊപ്പം ഫാമിലി കെയർ, പെറ്റ് കെയർ തുടങ്ങിയ സേവനങ്ങളും ലഭിക്കും. വ്യക്തിഗത ഉപയോക്താക്കളെ തിരിച്ചറിയുന്ന വോയ്സ് ഐ.ഡി., വ്യക്തിഗത ഉറക്ക രീതിക്കനുസരിച്ച് എ.സി. ക്രമീകരിക്കുന്ന 'വെയറബിൾ ഗുഡ് സ്ലീപ്' ഫീച്ചർ, വസ്ത്രത്തിന്റെ തരം തിരിച്ചറിഞ്ഞ് വാഷിങ്ഡ്രൈയിങ് ക്രമീകരിക്കുന്ന എ.ഐ. വാഷ് & ഡ്രൈ തുടങ്ങിയ സൗകര്യങ്ങളും പുതിയ ശ്രേണിയുടെ പുതുമകളാണ്. സാംസങ് ഉപകരണങ്ങൾക്ക് സ്മാർട്ട്തിങ്സ് വഴി ഏഴ് വർഷത്തെ സോഫ്റ്റ്‌വെയർ അപ്ഡേറ്റുകളും ലഭ്യമാക്കും.

ഇൻഫിനിറ്റ് 1വേ കാസറ്റ് എ.സി. 3.5, 5.2, 7.1 കിലോവാട്ട് ശേഷികളിൽ ലഭിക്കും; വില 1.60 ലക്ഷം രൂപ മുതൽ. ഫാമിലി ഹബ് റഫ്രിജറേറ്ററിന്റെ വില 4,00,690 രൂപ ആണ്. ബെസ്പോക്ക് എ.ഐ. വിൻഡ്ഫ്രീ പ്രോ എ.സി. 69,990 രൂപക്ക് ലഭിക്കും. രാജ്യത്തുടനീളമുള്ള അംഗീകൃത വിതരണ പങ്കാളികൾ വഴിയാണ് ഉൽപ്പന്നങ്ങൾ ലഭ്യമാകുക.




# സൗത്ത് ഇന്ത്യൻ ബാങ്കിന്റെ എം.ഡി.യും സി.ഇ.ഒ.യുമായി മഹേഷ് മുരളീധർ പൈ ഇന്ന് ചുമതലയേൽക്കും

**കൊച്ചി:** സൗത്ത് ഇന്ത്യൻ ബാങ്കിന്റെ മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി മഹേഷ് മുരളീധർ പൈ 2026 ഒക്ടോബർ 1ന് ചുമതലയേൽക്കും. ബാങ്കിംഗ് മേഖലയിൽ മൂന്ന് പതിറ്റാണ്ടോളമുള്ള പ്രവർത്തനപരിചയവുമായാണ് കൊച്ചി സ്വദേശിയായ അദ്ദേഹം സൗത്ത് ഇന്ത്യൻ ബാങ്കിന്റെ അമരത്തെത്തുന്നത്.

സ്ട്രാറ്റജി, ഗവേണൻസ്, ട്രഷറി, ഫോറെക്സ്, റീട്ടെയ്ൽ ബാങ്കിംഗ്, അഗ്രികൾച്ചർ, എം.എസ്.എം.ഇ. വായ്പ തുടങ്ങി ബാങ്കിംഗിന്റെ വിവിധ മേഖലകളിൽ പ്രഗത്ഭനായ മഹേഷ് പൈ, കാനറ ബാങ്കിന്റെ സ്വർണ്ണവായ്പാ വിഭാഗം ആരംഭിക്കുന്നത് ഉൾപ്പെടെയുള്ള തന്ത്രപ്രധാന ചുമതലകളും വഹിച്ചിട്ടുണ്ട്. കൂടാതെ, ബാങ്കിന്റെ ന്യൂയോർക്കിലെ പ്രവർത്തനങ്ങളുടെ ഭാഗമായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കാനറ ബാങ്കിന്റെ ഏറ്റവും വലിയ സോണുകളിലൊന്നിന്റെ തലവനായി പ്രവർത്തിച്ച അദ്ദേഹം ചീഫ് ജനറൽ മാനേജർ ആയിരിക്കെ ഡിജിറ്റൽ ബാങ്കിംഗ് വിഭാഗത്തിനും നേതൃത്വം നൽകിയിട്ടുണ്ട്.



ഫിക്സഡ് ഇൻകം മണി മാർക്കറ്റ് ആൻഡ് ഡെറിവേറ്റീവ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ , സ്വിഫ്റ്റ് ഇന്ത്യ ഡൊമസ്റ്റിക് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, കർണാടക സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ എന്നിവയുൾപ്പെടെ നിരവധി പ്രമുഖ സ്ഥാപനങ്ങളുടെ ബോർഡുകളിലും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ബാങ്കിംഗ് മേഖലയിൽ മൂന്ന് പതിറ്റാണ്ടോളമുള്ള പ്രവർത്തനപരിചയവും ബിസിനസ് നേതൃപാടവവും തന്ത്രപ്രധാനമായ പദ്ധതികൾ നടപ്പാക്കിയുള്ള അനുഭവസമ്പത്തും സമന്വയിക്കുന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകതയെന്ന് മഹേഷ് പൈയുടെ നിയമനത്തെപ്പറ്റി സൗത്ത് ഇന്ത്യൻ ബാങ്ക് ചെയർമാൻ ജോസ് ജോസഫ് കാട്ടൂർ പറഞ്ഞു. ഉപഭോക്തൃബന്ധം കൂടുതൽ ദൃഢമാക്കുന്നതിലും ഡിജിറ്റൽ, ബിസിനസ് വേഗത്തിലാക്കുന്നതിലും മഹേഷ് പൈയുടെ നേതൃത്വം നിർണ്ണായകമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# വേമ്പനാട് ജൈവവൈവിധ്യം അടുത്തറിയാൻ അവസമരൊരുക്കി സിഎംഎഫ്ആർഐയുടെ കായൽ യാത്ര

**കൊച്ചി:** വേമ്പനാട് കായലിന്റെ ജൈവവൈവിധ്യവും ആവാസവ്യവസ്ഥ നേരിടുന്ന വെല്ലുവിളികളും അടുത്തറിഞ്ഞ് കടമക്കുടിയിലേക്ക് നടത്തിയ ബോട്ട് യാത്ര വേറിട്ട അനുഭവമായി. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തി വരുന്ന ഫിഷ് വോകിന്റെ ഭാഗമായായിരുന്നു യാത്ര. മെറൈൻ ഡ്രൈവിൽ നിന്ന് തുടങ്ങി 15ഓളം ചെറുദ്വീപുകളെ ചുറ്റിയാണ് ബോട്ട് കടമക്കുടിയിലെത്തിയത്. വിദ്യാർത്ഥികൾ, പരിസ്ഥിതി പ്രവർത്തകർ, ടൂറിസം പ്രഫഷണലുകൾ, അധ്യാപകർ, ഗവേഷകർ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.

'സ്വച്ഛതാ ഹി സേവ' വാരത്തോടും ലോക വിനോദസഞ്ചാര ദിനത്തോടുമനുബന്ധിച്ച് ജി.ഡി.എം ട്രാവലുമായി സഹകരിച്ചായിരുന്നു പരിപാടി. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്ജ് യാത്ര ഫ്ളാഗ് ഓഫ് ചെയ്തു. മത്സ്യമേഖലയെ നേരിട്ടറിഞ്ഞുള്ള യാത്രകളിലൂടെ ശാസ്ത്രവിജ്ഞാനം ജനങ്ങളിലേക്ക് എത്തിക്കാൻ ലക്ഷ്യമിടുന്ന സി.എം.എഫ്.ആർ.ഐയുടെ ജനകീയ ബോധവൽക്കരണ പരിപാടിയാണ് ഫിഷ് വോക്.

കൊറുങ്കോട്ട ചെറുദ്വീപിലെ നൂറ് വർഷത്തോളം പഴക്കമുള്ള കണ്ടൽമരങ്ങളും പിഴലയിലെ പൊക്കാളി പാടങ്ങളുമായിരുന്നു പ്രധാന ആകർഷണം. കടലാക്രമണങ്ങളിൽ നിന്നും ജൈവപ്രതിരോധമായി തീരത്തെ സംരക്ഷിക്കുന്നതു മുതൽ കണ്ടലുകൾ വഹിക്കുന്ന പങ്ക് ശാസ്ത്രജ്ഞർ വിശദീകരിച്ചു. കാലാവസ്ഥാവ്യതിയാനത്തെ തുടർന്ന് തീരദേശ മേഖലകളിൽ സംഭവിക്കുന്ന മാറ്റങ്ങൾ, മത്സ്യസമ്പത്ത്, കക്കവർഗങ്ങൾ, പരമ്പരാഗത ജീവനോപാധികൾ, കൂടുമത്സ്യകൃഷി, കാലാവസ്ഥാ വ്യതിയാനം, മലിനീകരണം തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ നടന്നു. സ്വച്ഛത കാമ്പയിനിന്റെ ഭാഗമായി കായലോരങ്ങളിൽ കുന്നുകൂടിയ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യം ശേഖരിച്ച് പരിസരം ശുചിയാക്കി. പ്ലാസ്റ്റിക് മാലിന്യങ്ങൾ മീനുകൾ ഉൾപ്പെടെയുള്ള ജീവജാലങ്ങൾക്ക് ഭീഷണിയാകുന്നതിനെ കുറിച്ച് സിഎംഎഫ്ആർഐ ശാസ്ത്രജ്ഞർ വിശദീകരിച്ചു. കടമക്കുടി പൊക്കാളി കൃഷിയിടത്തിൽ യാത്ര സംഘവുമായി ടോണി ചമ്മണി എം എൽ എ, പഞ്ചായത്ത് പ്രസിഡണ്ട് എം എസ് ആന്റണി എന്നിവർ സംവദിച്ചു.

കായൽ തണ്ണീർതട സംരക്ഷണം ഉറപ്പാക്കാൻ ജന പങ്കാളിത്തം അനിവാര്യമാണെന്നതിനാലാണ് ഇത്തരം ജനകീയ ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കുന്നതെന്ന് സിഎംഎഫ്ആർഐ ഡയരക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.

# കുസാറ്റ് ഗവേഷക IEEE EMBS BHI 2026ൽ ഗവേഷണ പ്രബന്ധം അവതരിപ്പിക്കും

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ കമ്പ്യൂട്ടർ സയൻസ് വകുപ്പിലെ ഗവേഷക അനിമ വി. എ. 2026 ലെ എഞ്ചിനീയറിങ് ഇൻ മെഡിസിൻ ആൻഡ് ബയോളജി സൊസൈറ്റിയുടെ അന്താരാഷ്ട്ര ഹെൽത്ത്കെയർ ഇൻഫർമാറ്റിക്സ് കോൺഫറൻസിൽ ഗവേഷണ പ്രബന്ധം അവതരിപ്പിക്കും. ബയോമെഡിക്കൽ എൻജിനീയറിങ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഹെൽത്ത്കെയർ ഇൻഫർമാറ്റിക്സ് എന്നീ മേഖലകളിലെ പ്രമുഖ ഗവേഷണ സമ്മേളനങ്ങളിലൊന്നാണിത്. കുസാറ്റ് കമ്പ്യൂട്ടർ സയൻസ് വകുപ്പ് പ്രൊഫസർ ഡോ. മധു എസ്. നായരുടെ മാർഗനിർദേശത്തിലാണ് ഗവേഷണം നടത്തിയത്.

ഗവേഷണ പ്രബന്ധത്തിൽ, ടൈം ഓഫ് ഫ്ലൈറ്റ് മാഗ്നറ്റിക് റെസൊണൻസ് ആൻജിയോഗ്രഫി ചിത്രങ്ങളിൽനിന്ന് തലച്ചോറിലെ പൊട്ടാത്ത രക്തക്കുഴൽ വീക്കങ്ങൾ കൃത്യമായി തിരിച്ചറിയുന്നതിനുള്ള നൂതന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് രീതിയാണ് അവതരിപ്പിക്കുന്നത്.

തലച്ചോറിലെ രക്തക്കുഴലുകളിൽ ഉണ്ടാകുന്ന അസാധാരണമായ വീക്കങ്ങളാണ് ഇൻട്രാക്രാനിയൽ അന്യൂറിസം. ഇവ പൊട്ടുന്നത് ജീവന് ഭീഷണിയായ രക്തസ്രാവത്തിനും പക്ഷാഘാതത്തിനും കാരണമാകാം. പ്രത്യേകിച്ച് ചെറിയ വീക്കങ്ങൾ മെഡിക്കൽ ചിത്രങ്ങളിൽ ചുറ്റുമുള്ള രക്തക്കുഴലുകളിൽനിന്ന് വേർതിരിച്ചറിയാൻ പ്രയാസമുള്ളതിനാൽ അവ കണ്ടെത്തുന്നത് വെല്ലുവിളിയാണ്.ഈ വെല്ലുവിളി മറികടക്കുന്നതിനായി, കൺവല്യൂഷണൽ ന്യൂറൽ നെറ്റ്‌വർക്കുകളും ട്രാൻസ്ഫോർമർ അധിഷ്ഠിത പഠനരീതികളും സംയോജിപ്പിച്ചാണ് പുതിയ സാങ്കേതികവിദ്യ വികസിപ്പിച്ചത്. ശരീരഘടനയുടെ സൂക്ഷ്മമായ വിശദാംശങ്ങളും രക്തക്കുഴലുകളുടെ വിശാലമായ ഘടനയും കൃത്യമായി വിശകലനം ചെയ്യാൻ ഈ രീതിയിലൂടെ സാധിക്കും. കുറഞ്ഞ കംപ്യൂട്ടിങ് ശേഷി ഉപയോഗിച്ചുകൊണ്ട് തന്നെ കൂടുതൽ കൃത്യത ഉറപ്പാക്കുന്ന സവിശേഷമായ ഫീച്ചർ ഇന്ററാക്ഷൻ, കോൺടെക്സ്റ്റ് റിഫൈൻമെന്റ് സംവിധാനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



# ബ്രഹ്മപുരം സംസ്ഥാനത്തെ ജൈവമാലിന്യ സംസ്കരണ രംഗത്തെ വിജയ മാതൃകയെന്ന് ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ്

**കൊച്ചി:** ഹൈക്കോടതി ജസ്റ്റിസുമാരായ ബെച്ചു കുര്യൻ തോമസ്, പി. ഗോപിനാഥ് എന്നിവർ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ (ബി.പി.സി.എൽ) ബ്രഹ്മപുരത്തെ കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് (സി.ബി.ജി) സന്ദർശിച്ചു. ജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് ഊർജ്ജമാക്കി മാറ്റുന്ന പ്ലാന്റിന്റെ പ്രവർത്തനങ്ങൾ ജഡ്ജിമാർ നേരിട്ട് കണ്ട് വിലയിരുത്തി. ബ്രഹ്മപുരത്തെ ബി.പി.സി.എല്ലിന്റെ സി.ബി.ജി പ്ലാന്റ് 'സംസ്ഥാനത്തെ ജൈവ മാലിന്യ സംസ്കരണ രംഗത്തെ വിജയ മാതൃകയാണെന്ന്' ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് വിലയിരുത്തി. ജൈവമാലിന്യങ്ങളെ ഊർജ്ജവും ജൈവവളവുമാക്കി മാറ്റുന്ന ബ്രഹ്മപുരത്തെ മാതൃകാപരമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് ജസ്റ്റിസിന്റെ നിരീക്ഷണം.

2023 മാർച്ചിൽ ബ്രഹ്മപുരത്തുണ്ടായ തീപിടിത്തത്തെ തുടർന്ന്, നഗരത്തിലെ മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ ഹൈക്കോടതി ഉത്തരവിട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ബി.പി.സി.എൽ. സി.ബി.ജി പ്ലാന്റ് പദ്ധതിക്ക് രൂപം നൽകിയത്. കൊച്ചി കോർപ്പറേഷൻ നൽകുന്ന, ഉറവിടത്തിൽ തന്നെ തരംതിരിച്ച 150 ടൺ ജൈവ മാലിന്യങ്ങൾ ദിവസേന സംസ്കരിക്കാനാണ് പ്ലാന്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. അനറോബിക് ഡൈജഷൻ (വായുമില്ലാ സംസ്കരണം) വഴി ജൈവമാലിന്യങ്ങളെ ബയോഗ്യാസ് ആക്കി മാറ്റുകയും, അത് ശുദ്ധീകരിച്ച് കംപ്രസ്ഡ് ബയോഗ്യാസ് (സി.ബി.ജി) ആയി മാറ്റുകയും ചെയ്യുന്നു. പ്രക്രിയയ്ക്കുശേഷമുള്ള അവശിഷ്ടങ്ങൾ ഗുണനിലവാരമുള്ള ജൈവവളമാക്കി മാറ്റുന്നുണ്ട്.

പ്ലാന്റ് പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാകുന്നതോടെ ദിവസേന ഏകദേശം 5.6 ടൺ സി.ബി.ജിയും 28 ടൺ ജൈവവളവും ഉത്പാദിപ്പിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവിടെ ഉത്പാദിപ്പിക്കുന്ന സി.ബി.ജി പ്രത്യേക പൈപ്പ്ലൈൻ വഴി ബി.പി.സി.എല്ലിന്റെ കൊച്ചി റിഫൈനറിയിലേക്ക് ഇന്ധനമായി ഉപയോഗിക്കാൻ എത്തിക്കും.



സൊസൈറ്റി ടുഡേ
SOCIETY TODAY



# പകർച്ചവ്യാധി പ്രതിരോധത്തിന് ഫീൽഡ്തല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം: മന്ത്രി കെ മുരളീധരൻ

**തിരുവനന്തപുരം:** സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വീടുവീടാന്തരമുള്ള ഫീൽഡ്തല പ്രവർത്തനങ്ങൾ ഊർജിതമാക്കണമെന്ന് മന്ത്രി കെ മുരളീധരൻ നിർദ്ദേശിച്ചു. മരുന്നിന്റെ കുറവ് ചില സ്ഥലങ്ങളിലുണ്ടെന്ന റിപ്പോർട്ടുകൾ സർക്കാർ ഗൗരവമായാണ് കാണുന്നത്. അതിനാൽ താഴെത്തട്ടിലെ ആശുപത്രികളുടെ സ്ഥിതി കൃത്യമായി വിലയിരുത്തി ആവശ്യമായ മരുന്നുകൾ ഉറപ്പാക്കണമെന്നും മന്ത്രി പറഞ്ഞു. സെക്രട്ടേറിയറ്റിലെ ലയം ഹാളിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പകർച്ചവ്യാധികൾക്കെതിരെയുള്ള ഫീൽഡ്തല പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കി ക്ലോറിനേഷൻ ഉൾപ്പെടെയുള്ള ശുചിത്വ പ്രവർത്തനങ്ങൾ വീടുകളിലേക്ക് നേരിട്ടെത്തി ഉറപ്പാക്കണം. ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ ഹോട്ട്സ്പോട്ടുകൾ കേന്ദ്രീകരിച്ച് വീടുകൾ നേരിട്ട് സന്ദർശിച്ചുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കണം. ആരോഗ്യപ്രവർത്തകർ വീടുകളിലെത്തുന്നില്ലെന്ന പരാതികൾ ഉയരാൻ പാടില്ലെന്നും മന്ത്രി പറഞ്ഞു.

ആശുപത്രികളിൽ അത്യാവശ്യ മരുന്നുകളുടെയും പഞ്ഞി അടക്കമുള്ള സർജിക്കൽ സാമഗ്രികളുടെയും ലഭ്യത തടസ്സമില്ലാതെ ഉറപ്പാക്കാൻ കേരള മെഡിക്കൽ സർവീസസ് കോർപറേഷനോട് മന്ത്രി ആവശ്യപ്പെട്ടു. എല്ലാ ജില്ലകളിലും ആശുപത്രികളിൽ മരുന്ന് സ്റ്റോക്കുണ്ടെന്നും കെ.എം.എസ്.സി.എല്ലിന്റെ സംഭരണകേന്ദ്രങ്ങളിലാണ് നിലവിൽ സ്റ്റോക്ക് കുറവുള്ളതെന്നും ജില്ലാ മെഡിക്കൽ ഓഫീസർമാർ കണക്കുകൾ സഹിതം യോഗത്തിൽ വിശദീകരിച്ചു.

മരുന്ന് വിതരണം വേഗത്തിലാക്കാൻ മെഡിക്കൽ സർവീസസ് കോർപറേഷൻ അടിയന്തരമായി ബോർഡ് യോഗം ചേർന്ന് ആവശ്യമായ പർച്ചേസ് ഓർഡറുകൾ ഉടൻ പൂർത്തിയാക്കാനും കർശന നിർദേശം നൽകി. ആവശ്യമെങ്കിൽ തമിഴ്നാട്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിലെ മെഡിക്കൽ കോർപ്പറേഷനുകളുമായി സഹകരിച്ച് അടിയന്തരമായി മരുന്നുകൾ ലഭ്യമാക്കാനുള്ള സാധ്യതകൾ പരിശോധിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു. മോർച്ചറി, സീലിംഗ്, ലിഫ്റ്റ്, വെന്റിലേറ്റർ എന്നിവയുടെ സ്ഥിതി ഓരോ ജില്ലയിലും മെഡിക്കൽ ഓഫീസർമാർ വിലയിരുത്തി റിപ്പോർട്ട് നൽകാനും മന്ത്രി നിർദ്ദേശിച്ചു. ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, എൻ.എച്ച്.എം കേരളം മിഷൻ ഡയറക്ടർ, ആരോഗ്യവകുപ്പ് ഡയറക്ടർ, മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ, ഐ.എസ്.എം ഇൻചാർജ് ഡയറക്ടർ, ഹോമിയോ ഡയറക്ടർ, വിവിധ ജില്ലകളിലെ ഡി.എം.ഒമാർ, ഡി.പി.എമ്മുമാർ, കെ.എം.എസ്.സി.എൽ ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# ഫെസ്റ്റിവൽ ഓഫ് കേരളം സംഘടിപ്പിക്കും: മന്ത്രി പിസി വിഷ്ണുനാഥ്

**തിരുവനന്തപുരം:** കേരളത്തിന്റെ കലയും സംസ്കാരവും ചരിത്രവുമെല്ലാം ലോകത്തിന് മുന്നിൽ അവതരിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ എല്ലാ സ്ഥാപനങ്ങളെയും സംയോജിപ്പിച്ച് ഫെസ്റ്റിവൽ ഓഫ് കേരളം സംഘടിപ്പിക്കുമെന്ന് സാംസ്കാരിക മന്ത്രി പിസി വിഷ്ണുനാഥ് പറഞ്ഞു. കേരളപ്പിറവിയോടനുബന്ധിച്ച് ഇതിന്റെ പ്രാഥമിക കാര്യങ്ങൾ തയ്യാറാകും. ദില്ലി, മുംബൈ, കൊൽക്കത്ത, ചെന്നൈ, ബാംഗ്ലൂർ എന്നിവിടങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട വിദേശ രാജ്യങ്ങളിലും ഫെസ്റ്റിവൽ ഓഫ് കേരളം സംഘടിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. സാംസ്കാരിക വകുപ്പിന് കീഴിലുള്ള എല്ലാ അക്കാദമികളും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നതാണെന്നും അവയുടെയെല്ലാം പ്രവർത്തനങ്ങളെ സംയോജിപ്പിച്ച് മുന്നോട്ട് പോകാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു. വ്യക്തികൾക്ക് വേണ്ടി സ്ഥാപനങ്ങൾ എന്നതല്ല, സ്ഥാപനങ്ങൾ വിഭാവനം ചെയ്തകാലത്തെ ഉദ്ദേശ്യം നിറവേറ്റുകയാണ് സർക്കാർ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.



രാജ്യാന്തര ഡോക്യുമെന്ററി, ഹ്രസ്വചിത്രമേളയുടെ ഭാഗമായി ഹൈസിന്ത് ഹോട്ടലിൽ നടത്തിയ വാർത്താസമ്മേളനത്തിൽ ചലച്ചിത്ര അക്കാദമി ചെയർപേഴ്സൺ രവീന്ദ്രൻ, കേരള സാഹിത്യ അക്കാദമി ചെയർപേഴ്സൺ കൽപ്പറ്റ നാരായണൻ, കേരള സംഗീത നാടക അക്കാദമി ചെയർപേഴ്സൺ ജി.വേണുഗോപാൽ, കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ ചെയർപേഴ്സൺ പ്രേംകുമാർ, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ചെയർപേഴ്സൺ എം.രഞ്ജിത്ത്, ഫോക് ലോർ അക്കാദമി ചെയർപേഴ്സൻ സുരേഷ്ബാബു എളയാവൂർ, സാംസ്കാരിക വകുപ്പ് സെക്രട്ടറി എം. അഞ്ജന, ഡയറകർ കെ ഇമ്പശേഖർ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു. വിവിധ അക്കാദമി, കോർപ്പറേഷൻ ഉപാധ്യക്ഷൻമാർ, സെക്രട്ടറിമാർ എന്നിവരും സന്നിഹിതരായിരുന്നു.

# കലയ്ക്കും വിപണനത്തിനും മുൻഗണന നൽകി സിനിമാ വ്യവസായ പദവി നടപ്പാക്കും: മന്ത്രി

**തിരുവനന്തപുരം:** സിനിമയുടെ കലാ, സാംസ്കാരികമൂല്യങ്ങളുടെ സംരക്ഷണത്തിനൊപ്പം വിപണന സാധ്യതകൾക്കും പ്രാധാന്യം നൽകിയായിരിക്കും വ്യവസായ പദവി നടപ്പാക്കുകയെന്ന് സാംസ്കാരിക വകുപ്പ് മന്ത്രി പി സി വിഷ്ണുനാഥ്. സിനിമയുടെ വ്യവസായ പദവി സംബന്ധിച്ച് തൈക്കാട് സർക്കാർ അതിഥി മന്ദിരത്തിൽ ചേർന്ന വിവിധ സിനിമാ സംഘടനകളുടെ യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു മന്ത്രി.

രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽ നിലവിൽ സമാനമായ മാതൃക ഇല്ലാത്ത സാഹചര്യത്തിൽ, എല്ലാ വശങ്ങളും വിശദമായി പരിശോധിച്ച ശേഷമായിരിക്കും പദ്ധതി നടപ്പാക്കുക. നിലവിൽ തയ്യാറാക്കിയിട്ടുള്ള കരട് നിർദേശങ്ങളിൽ സിനിമാ മേഖലയിലെ വിവിധ സംഘടനകളുടെ അഭിപ്രായങ്ങളും കൂടി പരിഗണിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തിയ ശേഷം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുമെന്ന് മന്ത്രി അറിയിച്ചു.

നിലവിലെ സർക്കാർ അധികാരത്തിലെത്തിയ ശേഷമുള്ള സിനിമാ പ്രതിനിധികളുമായുള്ള രണ്ടാമത്തെ കൂടിക്കാഴ്ചയാണിത്. ആദ്യ യോഗത്തിൽ സിനിമാ മേഖലയിലെ സംഘടനകൾ പ്രധാനമായും ഉന്നയിച്ച ആവശ്യങ്ങളിലൊന്നായിരുന്നു സിനിമയ്ക്ക് വ്യവസായ പദവി നൽകണമെന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് സിനിമയ്ക്ക് വ്യവസായ പദവി നൽകുമെന്ന് സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ചതെന്ന് മന്ത്രി വ്യക്തമാക്കി.

വ്യവസായ പദവി ലഭിക്കുന്നതോടെ സിനിമാ മേഖലയിലെ ധനസമാഹരണത്തിലെ പ്രയാസങ്ങളും നിർമ്മാതാക്കൾ നേരിടുന്ന പ്രതിസന്ധികളും പരിഹരിക്കുന്നതിന് ബാങ്ക് വായ്പ ഉൾപ്പെടെയുള്ള സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കണമെന്ന് യോഗത്തിൽ അഭിപ്രായമുയർന്നു. തൊഴിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും വ്യക്തമായ ചട്ടങ്ങളും നിയന്ത്രണങ്ങളും രൂപീകരിക്കുന്നതിനും നടപടി വേണമെന്നും സിനിമയെ സാംസ്കാരിക വ്യവസായം എന്ന നിലയിൽ പരിഗണിക്കണമെന്നും നിർദേശമുയർന്നു. ഇടിക്കറ്റിങ് സംവിധാനം നടപ്പാക്കുക, തിയേറ്ററുകൾ ആധുനികവത്കരിക്കുക, പഴയ തിയേറ്ററുകളെ ഹെറിറ്റേജ് തിയേറ്ററുകളായി സംരക്ഷിക്കുക, ഷൂട്ടിങ് അനുമതിക്ക് ഏകജാലക സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളും ചർച്ച ചെയ്തു. സിനിമാ നിർമാണത്തിനുള്ള വൈദ്യുതി ഉപയോഗത്തിന് പ്രത്യേക താരിഫ് അനുവദിക്കുക, ഇരട്ട നികുതി ഒഴിവാക്കുക, സിനിമാ മേഖലയെ പ്രത്യേക സാമ്പത്തിക മേഖലയായി പരിഗണിക്കുക തുടങ്ങിയ നിർദേശങ്ങളും ഉയർന്നു. സിനിമയുമായി ബന്ധപ്പെട്ട അനുബന്ധ മേഖലകളിലെ പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം വേണമെന്നും, ഒ.ടി.ടി. പ്ലാറ്റ്ഫോമുകളിൽ സിനിമ ലഭ്യമാക്കുന്നതിന് നിശ്ചിത കാലയളവ് നിശ്ചയിക്കണമെന്നും ഷൂട്ടിങ്ങിന് ആവശ്യമായ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കണമെന്നും യോഗത്തിൽ അഭിപ്രായങ്ങളുണ്ടായി.

സ്ത്രീകളുടെ സുരക്ഷയും കൃത്യമായ ജോലിസമയക്രമവും ഉറപ്പാക്കുന്നതിനൊപ്പം സിനിമാ തൊഴിലിടങ്ങളിൽ പോഷ് ആക്ട് ഫലപ്രദമായി നടപ്പാക്കണമെന്നും പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേക പരാതി പരിഹാര സെൽ രൂപീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. സിനിമാ വ്യവസായ പദവി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന എല്ലാ നിർദേശങ്ങളും പരിശോധിച്ച് വിവിധ വകുപ്പുകളുമായി ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു.

## എറണാകുളംഅങ്കമാലി അതിരൂപതയിൽ ജൂബിലി ആഘോഷവും വൈദിക സംഗമവും

**കൊച്ചി:** എറണാകുളംഅങ്കമാലി അതിരൂപതയിൽ പൗരോഹിത്യത്തിന്റെ സുവർണ, രജത ജൂബിലി ആഘോഷവും വൈദികരുടെ സംഗമവും നടന്നു.

എറണാകുളം സെൻറ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ വിശുദ്ധ കുർബാനയെത്തുടർന്നു നടന്ന സമ്മേളനത്തിൽ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ അനുഗ്രഹപ്രഭാഷണം നടത്തി.നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ, നവതിയിലെത്തിയ ബിഷപ് മാർ തോമസ് ചക്യത്ത്, മെത്രാഭിഷേക രജതജൂബിലി ആഘോഷിക്കുന്ന ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് എന്നിവർക്കും പൗരോഹിത്യ സുവർണജൂബിലി ആഘോഷിക്കുന്ന നാലു വൈദികർക്കും രജതജൂബിലി ആഘോഷിക്കുന്ന 11 വൈദികർക്കും സമ്മേളനത്തിൽ ആശംസകൾ നേർന്നു.ആർച്ച്ബിഷപ്പുമാരായ മാർ ജോസഫ് പാംപ്ലാനി, മാർ ആൻറണി കരിയിൽ, ഫാ. ജോസ് ഇടശേരി, ഫാ. തോമസ് മങ്ങാട്ട്, ഫാ. റെജു കണ്ണമ്പുഴ, ജൂബിലേറിയൻമാരുടെ പ്രതിനിധികളായ ഫാ. കുര്യാക്കോസ് ഇരവിമംഗലം, ഫാ. ടോണി കോട്ടയ്ക്കൽ എന്നിവർ പ്രസംഗിച്ചു.അതിരൂപത ബൈബിൾ കലോത്സവത്തിന്റെ ലോഗോ പ്രകാശനം, കത്തനാർ ക്രിക്കറ്റ് ലീഗ് ജേതാക്കളായ അതിരൂപത ടീമിന് ആദരം, ഉപഹാര സമർപ്പണം, ജൂബിലി ഗാനം എന്നിവയുണ്ടായിരുന്നു.



# ദാരിദ്ര്യരേഖയിൽ താഴെയുള്ളവർക്ക് സൗജന്യ ഹൃദയപരിശോധന

**തിരുവനന്തപുരം:** ദാരിദ്യരേഖയിൽ താഴെയുള്ളവർക്ക് ഹൃദയാഘാതം നേരത്തെ തിരിച്ചറിയുന്ന പരിശോധന സൗജന്യമാക്കുമെന്ന് ആരോഗ്യവകുപ്പ് മന്ത്രി കെ മുരളീധരൻ. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയിലെ എഎംസിഎച്ച്എസ്എസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ലോക ഹൃദയദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഫലപ്രദമായ ഹൃദയ പരിശോധന സാധാരണക്കാർക്കും ഉറപ്പാക്കുകയാണ് ലക്ഷ്യം. ഇസിജി യിലും മറ്റും കൃത്യമായ ഫലം കിട്ടാൻ പ്രയാസമുണ്ടായേക്കാം. ഹൃദയാഘാതം വേഗത്തിൽ തിരിച്ചറിയുന്ന ട്രോപ്പ് ടി പരിശോധന ബിപിഎൽ വിഭാഗത്തിന് സൗജന്യമാക്കും. എല്ലാവർക്കും സംരക്ഷണം കൊടുക്കേണ്ട ഉത്തരവാദിത്വം സർക്കാരിനുണ്ട്. സ്വകാര്യ ആശുപത്രികൾ സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പുകൾ പലപ്പോഴും സാധാരണക്കാർക്ക് അപ്രാപ്യമാണ്. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർക്കായി മെഡിക്കൽ ക്യാമ്പ് നടത്തുന്നത് സർക്കാർ പ്രോത്സാഹിപ്പിക്കും. സമീപ പ്രദേശത്ത് മെഡിക്കൽ ക്യാമ്പ് നടന്നാൽ തീർച്ചയായും അതിൽ പങ്കെടുക്കണം. രോഗം നേരത്തെ തിരിച്ചറിയുന്നത് ഏറെ പ്രധാനമാണ്. മരുന്നുകളുടെ ലഭ്യത സർക്കാർ ഉറപ്പാക്കും. മരുന്നിന്റെ പേരിൽ കമ്മിഷൻ വാങ്ങാൻ ആരെയും അനുവദിക്കില്ലെന്ന് മന്ത്രി വ്യക്തമാക്കി.

ആരോഗ്യമുള്ള കേരളത്തെ വാർത്തെടുക്കുകയാണ് ലക്ഷ്യം. കഴിക്കുന്ന ഭക്ഷണവും ശ്വസിക്കുന്ന വായുവും ശുദ്ധമായിരിക്കണം. നന്നായി ഭക്ഷണം കഴിക്കുന്നതിനൊപ്പം കൃത്യമായ വ്യായാമത്തിനും സമയം കണ്ടെത്തണം. ആരോഗ്യകാര്യത്തിൽ ജാഗ്രത പുലർത്തിയാൽ രോഗം തടയാനാകും. അമിത മദ്യപാനം, പുകവലി തുടങ്ങിയവ രോഗങ്ങൾ ക്ഷണിച്ചുവരുത്തും. ലഹരിക്കെതിരെ ആരംഭിച്ച ഓപ്പറേഷൻ തൂഫാൻ ജനങ്ങൾ ഏറ്റെടുത്തതായും അദ്ദേഹം അറിയിച്ചു. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി ഡയറക്ടർ ഡോ. സഞ്ജയ് ബെഹാരി അധ്യക്ഷനായി. കേരള സംഗീത നാടക അക്കാദമി ചെയർമാൻ ജി വേണുഗോപാൽ, ശ്രീചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി ഹൃദ്രോഗ വിഭാഗം തലവൻ ഡോ. കെ കെ നാരായണൻ നമ്പൂതിരി, മെഡിക്കൽ സൂപ്രണ്ട് ഡോ. എച്ച് വി ഈശ്വർ, നഴ്സിംഗ് സൂപ്രണ്ട് ഒ നിർമല, ഡോ. അരുൺ ഗോപാലകൃഷ്ണൻ, ഡോ. ദീപ എസ് കുമാർ, കെ കെ ശ്രീനാഥ്, വിദ്യാർഥികൾ, അധ്യാപകർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## കുസാറ്റ്: അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ കെമിക്കൽ ഓഷ്യാനോഗ്രഫി വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഹൈഡ്രോകെമിസ്ട്രി/ കെമിസ്ട്രിയിൽ ബിരുദാനന്തര ബിരുദം, നെറ്റ് ആണ് യോഗ്യത. പിഎച്ച്ഡി യോഗ്യത അഭികാമ്യം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഒക്ടോബർ 6ന് മുൻപായി ഓൺലൈനായി അപേക്ഷിക്കണം. അപേക്ഷയുടെ കോപ്പിയും, വയസ്, യോഗ്യത എന്നിവ തെളിയിക്കുന സർട്ടിഫിക്കറ്റുകളുടെ കോപ്പിയും രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി682022 എന്ന വിലാസത്തിലേക്ക് ഒക്ടോബർ 13ന് മുൻപായി ലഭിക്കത്തക്ക വിധം അയക്കണം. അപേക്ഷക്കും മറ്റ് വിശദ വിവരങ്ങൾക്കും https://recruit.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842863403.

## കുസാറ്റിൽ സൗജന്യ മെഡിക്കൽ പരിശോധനാ ക്യാമ്പും നേത്രപരിശോധനയും സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീമിന്റെ (എൻ.എസ്.എസ്.) നേതൃത്വത്തിൽ വാസൻ ഐ കെയർ, ശാന്തിഭവൻ പാലിയേറ്റീവ് ഹോസ്പിറ്റൽസ്, അന്നൂർ ഡെന്റൽ കോളേജ് എന്നിവയുടെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ പരിശോധനാ ക്യാമ്പും നേത്രപരിശോധനയും കുസാറ്റ് അമിനിറ്റി സെന്ററിൽ സംഘടിപ്പിച്ചു.

സർവകലാശാലാ സമൂഹത്തിൽ ആരോഗ്യബോധവും രോഗപ്രതിരോധ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുകയായിരുന്നു ക്യാമ്പിന്റെ ലക്ഷ്യം. വിദ്യാർഥികൾ, അധ്യാപകർ, അനധ്യാപകർ എന്നിവരടക്കം 250ലധികം പേർ ക്യാമ്പിൽ പങ്കെടുത്തു. കുസാറ്റ് വൈസ് ചാൻസലർ സീനിയർ പ്രൊഫ. (ഡോ.) എം. ജുനൈദ് ബുഷിരി പരിപാടിയിൽ പങ്കെടുത്തു. വിവിധ വകുപ്പ് മേധാവികൾ, അധ്യാപകർ, ജീവനക്കാർ, വിദ്യാർഥികൾ എന്നിവരും സന്നിഹിതരായിരുന്നു.

ഡോക്ടറുടെ കൺസൾട്ടേഷൻ, രക്തസമ്മർദം, ഹൃദയമിടിപ്പ്, രക്തത്തിലെ ഓക്സിജന്റെ അളവ് എന്നിവയുടെ പരിശോധന, ഡിജിറ്റൽ ഇ.സി.ജി., ഇക്കോ പരിശോധന എന്നിവ ക്യാമ്പിൽ ലഭ്യമാക്കി. രക്തത്തിലെ പഞ്ചസാര, കൊളസ്ട്രോൾ, ലിപിഡ് പ്രൊഫൈൽ, കരൾ, വൃക്ക പ്രവർത്തന പരിശോധനകൾ, വിറ്റാമിൻ ഡി, വിറ്റാമിൻ ബി12, കാൽസ്യം, തൈറോയ്ഡ് പ്രവർത്തന പരിശോധന, എച്ച്.ബി.എ1സി, സി.ബി.സി. തുടങ്ങിയ ലബോറട്ടറി പരിശോധനകളും നടത്തി. വാസൻ ഐ കെയറിന്റെ നേതൃത്വത്തിൽ സൗജന്യ നേത്രപരിശോധനയും അന്നൂർ ഡെന്റൽ കോളേജിന്റെ നേതൃത്വത്തിൽ ദന്തപരിശോധനയും ലഭ്യമാക്കി.

വിവിധ എൻ.എസ്.എസ്. യൂണിറ്റുകളിലെ വളണ്ടിയർമാർ ക്യാമ്പിന്റെ നടത്തിപ്പിൽ സജീവമായി പങ്കെടുത്തു. രജിസ്ട്രേഷൻ, പങ്കാളികൾക്ക് ആവശ്യമായ നിർദേശങ്ങൾ നൽകൽ, തിരക്ക് നിയന്ത്രിക്കൽ, ഏകോപനം തുടങ്ങിയ ചുമതലകൾ വളണ്ടിയർമാർ നിർവഹിച്ചു. എൻ.എസ്.എസ്. പ്രോഗ്രാം കോർഡിനേറ്റർ രമ്യ ടീച്ചറുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിലെ പ്രോഗ്രാം ഓഫീസർമാരുടെ സഹകരണത്തോടെയാണ് ക്യാമ്പ് സംഘടിപ്പിച്ചത്.

# കൊല്ലം ജില്ലയിലെ ഏറ്റവും നീളമുള്ള ഉയരപ്പാത കരുനാഗപ്പള്ളിയിൽ

**കരുനാഗപ്പള്ളി:** ഒന്നരക്കിലോമീറ്റർ നീളത്തിൽ കരുനാഗപ്പള്ളിയിൽ ജില്ലയിലെ ഏറ്റവും വലിയ ഉയരപ്പാത പൂർത്തിയാവുന്നു. ദേശീയപാത 66ൻറെ ഭാഗമായാണ് കരുനാഗപ്പള്ളിയിൽ ഉയരപ്പാത നിർമിക്കുന്നത്. ആദ്യം 1.2 കിലോമീറ്റർ നീളത്തിലായിരുന്നു ഉയരപ്പാത തീരുമാനിച്ചത്. പിന്നീട് അത് 1.65 കിലോമീറ്റർ ആക്കുകയായിരുന്നു. ലാലാജി ജംഗ്ഷൻമുതൽ സിവിൽ സ്റ്റേഷൻ വരെയാണ് ആദ്യം തീരുമാനിച്ചത്. പിന്നീട് ഹൈസ്കൂൾ ജംഗ്ഷനും കടന്ന് താലൂക്ക് ആശുപത്രിവരെയാക്കുകയായിരുന്നു.

നിലവിൽ ലാലാജി ജംഗ്ഷൻമുതൽ ഹൈസ്കൂൾ ജംഗ്ഷൻവരെയാണ് ഉയരപ്പാതയുടെ നിർമാണം നടക്കുന്നത്. ഇതിൽ പടിഞ്ഞാറുവശത്ത് തൂണുകളും ബീമുകളും നിർമിച്ചുകഴിഞ്ഞു. കോൺക്രീറ്റ് ജോലികളും പൂർത്തീകരിച്ചു. കിഴക്കുവശത്ത് തൂണുകളുടെ നിർമാണം



പൂർത്തിയാകാനുണ്ട്.

നിർമാണപ്രവൃത്തികൾ മാസങ്ങളായി നിർത്തിവച്ചിരിക്കുകയായിരുന്നു. കരാർ കമ്പനിയുമായുള്ള ധാരണപ്രകാരം നിർമാണം പുനരാരംഭിക്കാൻ എൻഎച്ച്എഐ തീരുമാനിച്ചു. കൊറ്റുകുളങ്ങര മുതൽ കാവനാടുവരെ നീളുന്ന റീച്ചിൽ ആദ്യ രൂപരേഖപ്രകാരമുള്ള നിർമാണപ്രവൃത്തികളും അതിനൊപ്പം കൂട്ടിച്ചേർത്ത പ്രവൃത്തികളുമാണ് പൂർത്തിയാക്കാൻ തീരുമാനിച്ചിരിക്കുന്നത്.

എന്നാൽ, ഇതുവരെ നിർമാണം പുനരാരംഭിച്ചിട്ടില്ല. നിർമാണ സാമഗ്രികളും യന്ത്രങ്ങളും എത്താത്തതാണ് കാരണമെന്നാണ് വിവരം. പണി പുനരാരംഭിക്കുന്നതോടെ കരുനാഗപ്പള്ളിയിലെ ഉയരപ്പാതയുടെ നീളം കൂട്ടുന്ന ജോലികളും തുടങ്ങും. ഉയരപ്പാതയ്ക്കു താഴെ ഇരുവശത്തുമായി സർവീസ് റോഡുകളും ഉണ്ടാകും.

1.65 കിലോമീറ്റർ നീളത്തിലുള്ള ഉയരപ്പാത പൂർത്തിയാകുന്നതോടെ പാലത്തിന് അടിഭാഗം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തണമെന്ന ആവശ്യവും ശക്തമാണ്. ദേശീയപാത നിർമാണത്തിന്റെ ഭാഗമായി നഗരത്തിലെ ടാക്സി സ്റ്റാൻഡുകൾ പലതും ഇല്ലാതായി. അതിനാൽ പാലത്തിന്റെ അടിഭാഗത്ത് ടാക്സി സ്റ്റാൻഡുകൾ അനുവദിക്കണമെന്നാണ് ആവശ്യം. നഗരം നേരിടുന്ന മറ്റൊരു പ്രധാന വെല്ലുവിളിയാണ് പാർക്കിംഗ്. നഗരത്തിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവർക്ക് വാഹനം പാർക്ക് ചെയ്യാൻ ഇടമില്ല.

ഈ സാഹചര്യത്തിൽ കുറച്ചു ഭാഗം നഗരസഭയുടെ നിയന്ത്രണത്തിൽ പാർക്കിങ്ങിനായി ഉപയോഗപ്പെടുത്തണമെന്നും ആവശ്യം ഉയരുന്നുണ്ട്. ബാഡ്മിൻറൺ, വോളിബോൾ തുടങ്ങി വിവിധ കായിക ഇനങ്ങൾക്കായി സ്ഥലം മാറ്റിവയ്ക്കണമെന്നും ആവശ്യമുണ്ട്.

# റൈറ്റ്സ് ഇഷ്യുവിലൂടെ 1.5 ബില്യൺ ശ്രീലങ്കൻ രൂപ സമാഹരിച്ച് മുത്തൂറ്റ് ഫിനാൻസിന്റെ ഉപകമ്പനിയായ ഏഷ്യ അസറ്റ് ഫിനാൻസ്

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡിന്റെ ഉപകമ്പനിയായ ഏഷ്യ അസറ്റ് ഫിനാൻസ് പിഎൽസി 2026ലെ റൈറ്റ്സ് ഇഷ്യു വിജയകരമായി പൂർത്തിയാക്കി 1.5 ബില്യൺ ശ്രീലങ്കൻ രൂപ സമാഹരിച്ചു. ഇഷ്യൂവിന് 1.3 മടങ്ങ് അധിക അപേക്ഷകളാണ് ലഭിച്ചത്. ഓഹരിയുടമകളുടെ മികച്ച പങ്കാളിത്തം വ്യക്തമാക്കുന്ന ഈ നേട്ടം ശ്രീലങ്കയിലെ കമ്പനിയുടെ ബിസിനസ്സ് വളർച്ചയ്ക്ക് ആവശ്യമായ മൂലധനം നൽകുകയും ചെയ്യും.

ഈ റൈറ്റ്സ് ഇഷ്യുവിൽ 45,162,012 സാധാരണ വോട്ടിംഗ് ഓഹരികളാണ് ഉൾപ്പെട്ടിരുന്നത്. ഇതുവഴി മൊത്തം 1,503.9 ദശലക്ഷം ശ്രീലങ്കൻ രൂപ സമാഹരിച്ചു. പുതിയ ഓഹരികൾ 2026 സെപ്റ്റംബർ 14ന് കൊളംബോ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്തു.

നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ കമ്പനിയുടെ വായ്പാ പോർട്ട്ഫോളിയോ 51 ശതമാനം വാർഷിക വളർച്ചയോടെ 5,270 കോടി ശ്രീലങ്കൻ രൂപയിലെത്തി. മുൻ വർഷം ഇതേ കാലയളവിലിത് 3,492 കോടി ശ്രീലങ്കൻ രൂപയായിരുന്നു.

മൊത്തം വരുമാനം 72 ശതമാനം വർധിച്ച് 357 കോടി ശ്രീലങ്കൻ രൂപയായി. മുൻവർഷം ഇതേ കാലയളവിലിത് 207 കോടി ശ്രീലങ്കൻ രൂപയായിരുന്നു. അറ്റാദായം 137 ശതമാനം വർധിച്ച് 43 കോടി ശ്രീലങ്കൻ രൂപയായും ഉയർന്നു. മുൻവർഷം ഇതേ കാലയളവിലിത് 18 കോടി ശ്രീലങ്കൻ രൂപയായിരുന്നു.

റൈറ്റ്സ് ഇഷ്യു വഴി സമാഹരിച്ച തുക ഏഷ്യ അസറ്റ് ഫിനാൻസിന്റെ മൂലധന അടിത്തറ കൂടുതൽ ശക്തമാക്കാനും ബിസിനസ് വിപുലീകരണത്തിനും കരുത്തേകുമെന്ന് കമ്പനി വ്യക്തമാക്കി. വരുമാനത്തിലും ലാഭത്തിലും കൈവരിച്ച മികച്ച നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ പുതിയ ഫണ്ട് സമാഹരണം.

റൈറ്റ്സ് ഇഷ്യൂവിന് 1.3 മടങ്ങ് അധിക അപേക്ഷകൾ ലഭിച്ചത് കമ്പനിയെ സംബന്ധിച്ചിടത്തോളം വലിയൊരു നാഴികക്കല്ലാണെന്നും, കമ്പനിയുടെ വളർച്ചയിൽ ഓഹരിയുടമകൾക്കുള്ള വിശ്വാസമാണ് ഇത് കാണിക്കുന്നതെന്നും മുത്തൂറ്റ് ഫിനാൻസ് മാനേജിംഗ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു. സമാഹരിച്ച മൂലധനം ബിസിനസ് വിപുലീകരിക്കാൻ സഹായിക്കുമെന്നും, ശ്രീലങ്കൻ സാമ്പത്തിക സേവന രംഗത്ത് കൂടുതൽ ശക്തമായ സാന്നിധ്യമാകാൻ ഏഷ്യ അസറ്റ് ഫിനാൻസിന് ഇത് കരുത്തുനൽകുമെന്നും ഉപഭോക്താക്കൾക്കും ഓഹരിയുടമകൾക്കും മികച്ച മൂല്യം നൽകാനും ഏഷ്യ അസറ്റ് ഫിനാൻസിന്റെ ദീർഘകാല വളർച്ചയ്ക്കും മുത്തൂറ്റ് ഫിനാൻസ് പൂർണ്ണ പിന്തുണ നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ശ്രീലങ്കയിലുടനീളം സാന്നിധ്യമുള്ള ഏഷ്യ അസറ്റ് ഫിനാൻസ് സ്വർണ്ണപ്പണയം, ലീസിംഗ്, മോർട്ട്ഗേജ് വായ്പകൾ, ഗ്രൂപ്പ് വായ്പകൾ, വ്യക്തിഗത വായ്പകൾ, ബിസിനസ് വായ്പകൾ, കോർപ്പറേറ്റ് വായ്പകൾ, മൈക്രോ വായ്പകൾ, പബ്ലിക് ഡെപ്പോസിറ്റുകൾ തുടങ്ങി വൈവിധ്യമാർന്ന സാമ്പത്തിക സേവനങ്ങൾ നൽകിവരുന്നു.

രാജ്യത്തെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എളുപ്പത്തിൽ ലഭ്യമാകുന്ന സാമ്പത്തിക സേവനങ്ങൾക്കുള്ള വർദ്ധിച്ചുവരുന്ന ആവശ്യകതയാണ് കമ്പനിയുടെ ഈ തുടർച്ചയായ വളർച്ച വ്യക്തമാക്കുന്നത്.



# ആരോഗ്യ സേവനങ്ങൾ വിപുലീകരിച്ച് അഡ്നോകും ബുർജീൽ ഹോൾഡിങ്സും

**അബുദാബി:** അൽ ദഫ്ര മേഖലയിലെ ആരോഗ്യ സേവനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനായി പ്രമുഖ ഊർജ കമ്പനിയായ അഡ്നോകും ഡോ. ഷംഷീർ വയലിൽ നേതൃത്വം നൽകുന്ന ബുർജീൽ ഹോൾഡിങ്സും തമ്മിലുള്ള പങ്കാളിത്തം ശക്തമാക്കുന്നു. അഡ്നോക് ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കും പ്രദേശത്തെ പൊതുസമൂഹത്തിനും ലോകോത്തര ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

2023ൽ അൽ ദന്ന ആശുപത്രിയുടെ പ്രവർത്തന ചുമതല അഡ്നോക് ബുർജീലിന് നൽകിയിരുന്നു. ഈ പങ്കാളിത്തത്തിൻറെ വൻ വിജയത്തിന് പിന്നാലെയാണ് പുതിയ നീക്കം. പ്രതിരോധ പരിചരണത്തിനും രോഗികളുടെ ക്ഷേമത്തിനും കൂടുതൽ ഊന്നൽ നൽകുന്ന സമഗ്ര ആരോഗ്യ മാതൃക വികസിപ്പിക്കാനാണ് ഇരു സ്ഥാപനങ്ങളും ലക്ഷ്യമിടുന്നത്. നൂതന ക്ലിനിക്കൽ പരിചരണം, ഒക്യുപേഷണൽ ഹെൽത്ത്, രോഗ പ്രതിരോധം, വെൽനസ്, ഡിജിറ്റൽ ആരോഗ്യ സേവനങ്ങൾ, വയോജന സംരക്ഷണം എന്നിവ ഉൾപ്പെടുന്ന വിപുലമായ പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്.

ലോകോത്തര ആരോഗ്യ സേവനങ്ങളും രോഗ പ്രതിരോധവും ഉറപ്പാക്കുന്നതിനുള്ള അഡ്നോകിൻറെ പ്രതിബദ്ധതയാണ് ബുർജീൽ ഹോൾഡിങ്സുമായുള്ള പങ്കാളിത്തത്തിലൂടെ വ്യക്തമാകുന്നതെന്ന് അഡ്നോക് ഗ്രൂപ്പ് ബിസിനസ് സപ്പോർട്ട് ആക്ടിങ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറ് ഖാലിദ് അൽ ഹൊസാനി പറഞ്ഞു.അൽ ദഫ്ര മേഖലയ്ക്കായി സമഗ്ര ആരോഗ്യ സൗകര്യങ്ങൾ കെട്ടിപ്പടുക്കുന്നതാണ് പങ്കാളിത്തത്തിന്റെ അടുത്ത ഘട്ടമെന്ന് ബുർജീൽ ഹോൾഡിങ്സ് ചെയർമാനും സിഇഒയുമായ ഡോ. ഷംഷീർ വയലിൽ വ്യക്തമാക്കി.

## ബിപിഎൽ മെഡിക്കൽ ഉത്പന്നങ്ങളുടെ മികച്ച വിതരണക്കാരായി തൃശൂരിലെ ട്രിനിറ്റി ഹെൽത്ത്കെയർ സിസ്റ്റംസ്

**കൊച്ചി:** രാജ്യത്തെ മുൻനിര മെഡിക്കൽ ഉപകരണ നിർമ്മാതാക്കളായ ബിപിഎൽ മെഡിക്കൽ ടെക്നോളജീസിന്റെ മികച്ച വിതരണക്കാർക്കുള്ള ദേശീയ അംഗീകാരം തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ട്രിനിറ്റി ഹെൽത്ത് കെയർ സിസ്റ്റംസിന് ലഭിച്ചു. സംസ്ഥാനത്തെ ആശുപത്രികളിൽ ബിപിഎല്ലിന്റെ അത്യാധുനിക മെഡിക്കൽ ഉപകരണങ്ങൾ കൃത്യതയോടെ ഇൻസ്റ്റാൾ ചെയ്യുകളും സമയാസമയങ്ങളിൽ വില്പനാനന്തര സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്തതിനാണ് അംഗീകാരം. ബിപിഎൽ ഗ്രൂപ്പ് സംഘടിപ്പിച്ച വാർഷിക ഡീലർ സംഗമമായ ബിപിഎൽ എലവേറ്റ് 2026ലാണ് ട്രിനിറ്റി ഹെൽത്ത്കെയർ സിസ്റ്റംസിന്റെ പ്രവർത്തനങ്ങളെ ആദരിച്ചത്. എക്സ്റേ, വെന്റിലേറ്റർ, അൾട്രാസൗണ്ട് സ്കാനറുകൾ, പേഷ്യന്റ് മോണിറ്ററുകൾ, ഇസിജി മെഷീനുകൾ തുടങ്ങി ബിപിഎല്ലിന്റെ മെഡിക്കൽ ഉപകരണങ്ങളുടെ വിതരണത്തിലും അറ്റകുറ്റപ്പണിയിലുമാണ് ട്രിനിറ്റി മികവ് പുലർത്തിയത്. കൃത്യസമയത്തുള്ള സാങ്കേതിക സഹായവും ഉപഭോക്താക്കളുമായുള്ള ദീർഘകാലത്തെ ബന്ധവുമാണ് ട്രിനിറ്റി ഹെൽത്ത്കെയർ സിസ്റ്റംസിനെ മികച്ച ബിസിനസ് പങ്കാളിയായി തിരഞ്ഞെടുക്കാൻ കാരണമെന്ന് ബിപിഎൽ മെഡിക്കൽ ടെക്നോളജീസ് സിഇഒ ഗുരുസ്വാമി കൃഷ്ണമൂർത്തി പറഞ്ഞു. മെഡിക്കൽ ഉപകരണങ്ങളുടെ സേവനത്തിലും ഉപഭോക്തൃ പരിപാലനത്തിലും ഒരുപോലെ ശ്രദ്ധ പുലർത്തുന്ന സ്ഥാപനമാണ് ട്രിനിറ്റിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ബിപിഎല്ലിന്റെ പിന്തുണയും ഉപഭോക്താക്കളുടെ വിശ്വാസ്യതയുമാണ് അംഗീകാരത്തിന് കാരണമെന്നും സംസ്ഥാനത്തുടനീളം ബിപിഎൽ ഉപകരണങ്ങളുടെ വിതരണവും സാങ്കേതിക സേവനങ്ങളും വിപുലീകരിക്കാൻ അംഗീകാരം കരുത്തേകുമെന്നും ട്രിനിറ്റി ഹെൽത്ത്കെയർ സിസ്റ്റംസ് ഡയറക്ടർ ആനി ജയ്സൺ അഭിപ്രായപ്പെട്ടു.



## ഒപ്പോ കെ14 പ്ലസ് സ്മാർട്ട്ഫോൺ വിപണിയിൽ

**കൊച്ചി:** ഒപ്പോ ഇന്ത്യ തങ്ങളുടെ കെ സീരീസിൽ പുതിയ സ്മാർട്ട്ഫോണായ ഒപ്പോ കെ14 പ്ലസ് വിപണിയിൽ അവതരിപ്പിച്ചു. മീഡിയടെക് ഡൈമെൻസിറ്റി പ്രൊസസർ, 1.5കെ റെസല്യൂഷനോടുകൂടിയ അമോലെഡ് ഡിസ്പ്ലേ, ദീർഘകാലം നിൽക്കുന്ന 8000 എം.എ.എച്ച് ബാറ്ററി, ഒ.ഐ.എസ് പിന്തുണയുള്ള അമ്പത് മെഗാപിക്സൽ ക്യാമറ എന്നിവയാണ് ഈ ഫോണിന്റെ പ്രധാന പ്രത്യേകതകൾ. സോളാർ ഓറഞ്ച്, സ്റ്റാർ വൈറ്റ് എന്നീ രണ്ട് ആകർഷകമായ നിറങ്ങളിൽ ഈ ഉപകരണം ലഭ്യമാകും.

ആറു ജിബി റാമും 128 ജിബി സ്റ്റോറേജുമുള്ള അടിസ്ഥാന മോഡലിന് 29,999 രൂപയും, എട്ട് ജിബിറാമും 125ജിബി സ്റ്റോറേജുമുള്ള മോഡലുകൾക്ക് 32,999 രൂപയും എട്ട് ജിബിറാമും 256ജിബി സ്റ്റോറേജുമുള്ള മോഡലുകൾക്ക് 35,999രൂപയുമാണ് വില വരുന്നത്. ഒക്ടോബർ എട്ടു മുതൽ ഫ്ലിപ്കാർട്ട് വഴി ഈ ഫോൺ വാങ്ങാവുന്നതാണ്. പ്രമുഖ ബാങ്ക് കാർഡുകൾ ഉപയോഗിച്ച് വാങ്ങുമ്പോൾ 4000 രൂപയുടെ കിഴിവും ആറു മാസത്തെ പ്രത്യേക പലിശരഹിത തവണ വ്യവസ്ഥയും ലഭ്യമാണ്.

ഉപയോക്താക്കളുടെ നിരന്തരമായ ആവശ്യങ്ങൾ കണക്കിലെടുത്താണ് ഈ പുതിയ ഫോൺ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ജലത്തെയും പൊടിയെയും പ്രതിരോധിക്കുന്ന പ്രത്യേക സംവിധാനങ്ങളും ദീർഘകാലം കേടുകൂടാതെ പ്രവർത്തിക്കുന്ന സോഫ്റ്റ്വെയർ സംവിധാനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മികച്ച പ്രകടനവും ഈടുനിൽപ്പും ആഗ്രഹിക്കുന്ന സാങ്കേതികവിദ്യ പ്രേമികൾക്ക് ഇതൊരു മികച്ച അനുഭവം നൽകും.

സൊസൈറ്റി ടുഡേ
SOCIETY TODAY




# മോട്ടോറോളയ്ക്ക് ഉത്സവകാല ഓഫറുകൾ

**ന്യൂഡൽഹി:** ഫ്ളിപ്കാർട്ടിന്റെ ബിഗ് ബില്ല്യൺ ഡേയ്സ് സെയ്ലിനോടനുബന്ധിച്ച് മോട്ടോറോള വിവിധ സ്മാർട്ട്ഫോണുകൾക്ക് പ്രത്യേക ഉത്സവകാല ഓഫറുകൾ പ്രഖ്യാപിച്ചു. മോട്ടോറോള എഡ്ജ് 70 ഫ്യൂഷൻ, എഡ്ജ് 70 പ്രോ, എഡ്ജ് 70 പ്രോ പ്ലസ്, മോട്ടോ ജി37 പവർ, മോട്ടോറോള സിഗ്നേച്ചർ തുടങ്ങിയ മോഡലുകളാണ് ആകർഷകമായ വിലയിൽ ലഭ്യമാക്കുന്നത്.

മോട്ടോറോള എഡ്ജ് 70 ഫ്യൂഷൻ 8+128ജിബി പതിപ്പ് 29,999 രൂപയ്ക്കും 12+256ജിബി പതിപ്പ് 32,999 രൂപയ്ക്കും 12+512ജിബി പതിപ്പ് 34,999 രൂപയ്ക്കും ലഭിക്കും. 50എംപി സോണി ലിറ്റിയ 710 ക്യാമറ, 1.5കെ 120ഹേർട്സ് ക്വാഡ്കേർവ്ഡ് ഡിസ്പ്ലേ, 7,000എംഎഎച്ച് ബാറ്ററി, 68വാട്ട് ടർബോപവർ ചാർജിംഗ് എന്നിവയാണ് പ്രധാന സവിശേഷതകൾ.

മോട്ടറോള എഡ്ജ് 70 പ്രോ 8+256ജിബി പതിപ്പ് 36,999 രൂപയ്ക്കും 12+256ജിബി പതിപ്പ് 39,999 രൂപയ്ക്കും ലഭിക്കും. മീഡിയടെക് ഡൈമെൻസിറ്റി 8500 എക്സ്ട്രീം പ്രോസസർ, ട്രിപ്പിൾ 50എംപി ക്യാമറ സംവിധാനം, 1.5കെ 144ഹേർട്സ് ഡിസ്പ്ലേ എന്നിവയാണ് പ്രധാന സവിശേഷതകൾ.

എഡ്ജ് 70 പ്രോ പ്ലസ് 12+256ജിബി പതിപ്പ് 44,999 രൂപയ്ക്കാണ് ലഭിക്കുക. 3.5X പെരിസ്കോപ്പ് ക്യാമറ, 50X എഐ സൂം, 6,500എംഎഎച്ച് ബാറ്ററി, 90വാട്ട് ചാർജിംഗ് എന്നിവ ഇതിലുണ്ട്.

മോട്ടോ ജി37 പവർ 4+64ജിബി പതിപ്പ് 16,999 രൂപയ്ക്കും 4+128ജിബി പതിപ്പ് 18,999 രൂപയ്ക്കും ലഭിക്കും. 8+128ജിബി പതിപ്പിന് 24,999 രൂപയാണ് വില. മീഡിയടെക് ഡൈമെൻസിറ്റി 6400 ചിപ്സെറ്റ്, 7,000എംഎഎച്ച് ബാറ്ററി, 33വാട്ട് ചാർജിംഗ്, 120ഹേർട്സ് ഡിസ്പ്ലേ എന്നിവയാണ് പ്രധാന സവിശേഷതകൾ.മോട്ടോറോള സിഗ്നേച്ചർ 12+256ജിബി പതിപ്പ് 57,499 രൂപയ്ക്കും 16+512ജിബി പതിപ്പ് 62,499 രൂപയ്ക്കും ലഭിക്കും. ട്രിപ്പിൾ 50എംപി സോണി ലിറ്റിയ ക്യാമറ സംവിധാനം, 100X സൂപ്പർ സൂം പ്രോ, 8കെ ഡോൾബി വിഷൻ, സ്നാപ്ഡ്രാഗൺ 8 ജെൻ 5 പ്ലാറ്റ്ഫോം, 165ഹേർട്സ് എൽടിപിഒ ഡിസ്പ്ലേ എന്നിവയാണ് പ്രധാന സവിശേഷതകൾ.

# തട്ടിപ്പുകൾ തടയാൻ സ്കാം ചെക്കർ അവതരിപ്പിച്ച് ട്രൂകോളർ

**കൊച്ചി:** ഡിജിറ്റൽ തട്ടിപ്പുകളിൽ നിന്നും വ്യാജ സന്ദേശങ്ങളിൽ നിന്നും ഉപയോക്താക്കൾക്ക് കൂടുതൽ സുരക്ഷ ഉറപ്പാക്കുന്നതിനായി ട്രൂകോളർ തങ്ങളുടെ പുതിയ ഫീച്ചറായ 'സ്കാം ചെക്കർ' വെബ്സൈറ്റിലും ആൻഡ്രോയിഡ് ആപ്പിലും അവതരിപ്പിച്ചു.

ഫോൺ കോളുകളിലൂടെ മാത്രമല്ല, എസ്എംഎസ്, വാട്ട്സ്ആപ്പ്, ഇമെയിൽ എന്നിവയിലൂടെ വർദ്ധിച്ചുവരുന്ന ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ തടയുകയാണ് ഈ പുതിയ ടൂളിലൂടെ ട്രൂകോളർ ലക്ഷ്യമിടുന്നത്.

നിലവിൽ ഈ ഫീച്ചർ ഇന്ത്യയിലെ ആൻഡ്രോയിഡ് ഉപയോക്താക്കൾക്കും ആഗോളതലത്തിൽ ട്രൂകോളർ വെബ്സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്. ഐഒഎസ് ഉപയോക്താക്കൾക്കായി ഈ ഫീച്ചർ വൈകാതെ തന്നെ അവതരിപ്പിക്കുമെന്ന് കമ്പനി അറിയിച്ചു. കൂടാതെ, ഭാവിയിൽ തട്ടിപ്പ് സന്ദേശങ്ങളുടെ സ്ക്രീൻഷോട്ടുകൾ അപ്ലോഡ് ചെയ്ത് പരിശോധിക്കാനുള്ള സംവിധാനവും ട്രൂകോളർ ഇതിൽ ഉൾപ്പെടുത്തും.




സാധാരണയായി ഒരു വ്യാജ സന്ദേശത്തിൽ അടങ്ങിയിരിക്കുന്ന ഫോൺ നമ്പർ, സംശയാസ്പദമായ വെബ് ലിങ്ക്, അതിലെ മെസേജ് അല്ലെങ്കിൽ ഉള്ളടക്കം എന്നിവ ഒരേ സ്ഥലത്ത് വെച്ച് നിമിഷങ്ങൾക്കകം പരിശോധിക്കാൻ സ്കാം ചെക്കറിലൂടെ സാധിക്കും.

നിങ്ങൾക്ക് ലഭിച്ച ലിങ്കുകൾ ഫിഷിംഗ് അല്ലെങ്കിൽ മാൽവെയർ അടങ്ങിയതാണോ എന്ന് കണ്ടെത്താൻ സ്കാം ചെക്കർ സഹായിക്കും.

ട്രൂകോളറിന്റെ 50 കോടിയിലധികം വരുന്ന ഉപയോക്താക്കൾ റിപ്പോർട്ട് ചെയ്ത സമാനമായ തട്ടിപ്പുകളെക്കുറിച്ചുള്ള വിവരങ്ങൾ സ്കാം ചെക്കറിലൂടെ മനസ്സിലാക്കാനാകും. ഇതിലൂടെ തട്ടിപ്പിൽ നിന്നും പൂർണ സുരക്ഷ നേടാനുമാകും.

എന്തോ കുഴപ്പമുണ്ടെന്ന് ആളുകൾക്ക് പലപ്പോഴും തോന്നാറുണ്ട്, എന്നാൽ പ്രതികരിക്കുന്നതിന് മുമ്പ് അത് പരിശോധിക്കാൻ അവർക്ക് ഒരു വേഗത്തിലുള്ള വഴി ലഭ്യമായിരുന്നില്ല.

എന്നാൽ സ്കാം ചെക്കറിലൂടെ ഉപഭോക്താക്കൾക്ക് വളരെ എളുപ്പത്തിൽ തനിക്ക് ലഭിച്ച സന്ദേശം വ്യാജമാണ് അല്ലയോ എന്ന് തിരിച്ചറിയാനും അതുവഴി വലിയൊരു തട്ടിപ്പിൽ നിന്ന് രക്ഷപെടാനും സാധിക്കുമെന്ന് ട്രൂകോളറിന്റെ സിഇഒ ഋഷിത് ഝുൺഝുൺവാല പറഞ്ഞു.

ICICI PRUDENTIAL
LIFE INSURANCE

# ശരാശരി 15 ലക്ഷം രൂപ വീതം ഡെത്ത് ക്ലെയിം നൽകി ഐസിഐസിഐ പ്രുഡൻഷ്യൽ

**കൊച്ചി:** 2026 സാമ്പത്തിക വർഷത്തിൽ കുടുംബങ്ങൾക്ക് വ്യക്തിഗത ഡെത്ത് ക്ലെയിമായി ശരാശരി 15 ലക്ഷം രൂപ വീതം നൽകി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്. സമയബന്ധിതമായി സാമ്പത്തിക പിന്തുണ ഉറപ്പാക്കുന്നതിനുള്ള പ്രതിബദ്ധത ഒരിക്കൽ കൂടി വ്യക്തമാക്കുന്നതാണ് തുടർച്ചയായി രണ്ടാം വർഷം കമ്പനി സ്വന്തമാക്കിയ ഈ നേട്ടം.

കഴിഞ്ഞ ആറ് സാമ്പത്തിക വർഷങ്ങളിലെ പൊതുവായി ലഭ്യമായ കണക്കുകൾ പ്രകാരം കമ്പനി നൽകിയ വ്യക്തിഗത ഡെത്ത് ക്ലെയിമിന്റെ ശരാശരി തുക 2021 സാമ്പത്തിക വർഷത്തിലെ ഏകദേശം 10 ലക്ഷം രൂപയിൽ നിന്നും 2026 സാമ്പത്തിക വർഷത്തിൽ 15 ലക്ഷം രൂപയായി ഉയർന്നു. കഴിഞ്ഞ നാല് വർഷങ്ങളിലായുള്ള ശരാശരി ക്ലെയിം തുക 14 മുതൽ 15 ലക്ഷം രൂപ വരെയാണ്. വരുമാനം, വായ്പകൾ, കുടുംബ ഉത്തരവാദിത്വങ്ങൾ എന്നിവയിൽ മാറ്റങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ, പോളിസി ഉടമകളുടെ ലൈഫ് ഇൻഷുറൻസ് പരിരക്ഷ ഇടയ്ക്കിടെ പുനഃപരിശോധിക്കേണ്ടതിന്റെ ആവശ്യകതയും ഈ കണക്കുകൾ വ്യക്തമാക്കുന്നു.

കാലങ്ങളായി ഉയർന്ന ക്ലെയിം സെറ്റിൽമെന്റ് നിരക്ക് രേഖപ്പെടുത്തിവരുന്ന ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ഉപഭോക്താക്കളുടെ ക്ലെയിമുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള പ്രതിബദ്ധതയാണ് ഇതിലൂടെ കൃത്യമായി പാലിക്കുന്നത്.

# ഇബിജി ഗ്രൂപ്പിൽ അർമ ക്യാപിറ്റലിന്റെ 10 കോടി രൂപയുടെ നിക്ഷേപം

**ഹൈദരാബാദ്:** വെൽനെസ്, ഭക്ഷണം, കുടുംബ വിനോദ മേഖലകളിലെ ഇബിജി ഗ്രൂപ്പിന്റെ വിവിധ ബിസിനസുകളിൽ മഹാരാഷ്ട്ര ആസ്ഥാനമായ അർമ ക്യാപിറ്റൽ 10 കോടി രൂപ നിക്ഷേപിച്ചു. മുംബൈ, ബെംഗളൂരു, ചണ്ഡിഗഢ് എന്നിവിടങ്ങളിലെ മൂന്ന് കാർൾട്ടൺ വെൽനെസ് സെന്ററുകളിലാണ് നിക്ഷേപം. കൂടാതെ ഹൈദരാബാദിലെ നാറ്റുഫ് കഫേ, ആതിര & അപ്പ കഫെ, ചോട്ടാ ഭീം ഫാമിലി കഫെ എന്നിവയുമായി ഫ്രാഞ്ചൈസി പങ്കാളിത്തവും സ്ഥാപിച്ചു.

ഇബിജി ഗ്രൂപ്പുമായുള്ള പങ്കാളിത്തത്തിന്റെ ആദ്യഘട്ട നിക്ഷേപമാണിത്. അടുത്ത അഞ്ച് വർഷത്തിനിടെ 100 കോടി രൂപയിലേറെ നിക്ഷേപിക്കാനും അർമ ക്യാപിറ്റൽ പദ്ധതിയിടുന്നു. കാർൾട്ടൺ വെൽനെസ് സെന്റർ, ടാർസൻ നേച്ചർ റിട്രീറ്റ്, ആതിര & അപ്പ കഫെ, നാറ്റുഫ് കഫേ, ചോട്ടാ ഭീം കഫെ എന്നിവയുൾപ്പെടെ ഇബിജിയുടെ നിലവിലുള്ളതും വരാനിരിക്കുന്നതുമായ ബ്രാൻഡുകളുടെ രാജ്യത്തെ പ്രധാന നഗരങ്ങളിലെ വിപുലീകരണത്തിനാണ് നിക്ഷേപം വിനിയോഗിക്കുക.

# കോട്ടയം ലുലു മാളിൽ സീഫുഡ് ഫെസ്റ്റിന് തുടക്കമായി

**കോട്ടയം:** കടൽവിഭവ പ്രേമികൾക്കായി പുത്തൻ രുചിക്കൂട്ടുകളുമായി കോട്ടയം ലുലു ഹൈപ്പർമാർക്കറ്റിൽ സീഫുഡ് ഫെസ്റ്റ് ആരംഭിച്ചു.

കേരളത്തിന്റെ തനത് തീരദേശ രുചികൾക്കൊപ്പം ആഗോള സീഫുഡ് വിഭവങ്ങളും കോർത്തിണക്കിയാണ് കോട്ടയത്തെ ഭക്ഷ്യപ്രേമികൾക്കായി മേള സജ്ജീകരിച്ചിരിക്കുന്നത്. ഫിഷറീസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ പി. ശ്രീകുമാർ സീഫുഡ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു.

ചലച്ചിത്രതാരങ്ങളായ ഹേമന്ത് മേനോൻ, രമ്യ പണിക്കർ എന്നിവർ അതിഥികളായിരുന്നു. നാടൻ മീൻകറികൾ, കരിമീൻ പൊള്ളിച്ചത് ഉൾപ്പടെയുള്ള വിഭവങ്ങൾക്കുപുറമെ പ്രമുഖ ഷെഫുകൾ തയാറാക്കുന്ന കോണ്ടിനെൻറൽ, ചൈനീസ്, തായ് ശൈലിയിലുള്ള ലൈവ് സീഫുഡ് വിഭവങ്ങളും ഉപഭോക്താക്കൾക്കായി ഒരുക്കിയിട്ടുണ്ട്.

വീടുകളിൽ എളുപ്പത്തിൽ പാകം ചെയ്യാൻ വിധത്തിലുള്ള മാരിനേറ്റഡ് ഫിഷ് വെറൈറ്റികൾ, അറുപതിലധികം ഇനങ്ങളിലുള്ള ഫ്രഷ് മീനുകൾ, ഗുണമേന്മയുള്ള ഉണക്കമീനുകൾ എന്നിവയുടെ വലിയൊരു നിരതന്നെ ഹൈപ്പർമാർക്കറ്റിലെ പ്രത്യേക കൗണ്ടറുകളിൽ ലഭ്യമാണ്. ഒക്ടോബർ നാലു വരെയാണ് ഫെസ്റ്റ്.